**പതിനാലാം കേരള നിയമസഭ**

ഇരുപത്തി രണ്ടാം സമ്മേളനം

**<u>ബുള്ളറ്റിൻ ഭാഗം - 2</u>**

<u>2021 ജനുവരി 5</u>

നമ്പർ: **927**

## <u>കോവിഡ് -19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നിയമസഭ ചേരുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ</u>

2021 ജനുവരി 8 മുതൽ ചേരുന്ന ഇരുപത്തിരണ്ടാം സമ്മേളനം കോവിഡ് - 19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടത്തുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ക്രമീകരണങ്ങളും താഴെക്കൊടുക്കുന്നു.

1) ജനുവരി 8, 11, 18 എന്നീ തീയതികളിൽ ബഹു. അംഗങ്ങൾക്ക് ആന്റിജൻ ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം രാവിലെ 7 മണി മുതൽ നിയമസഭാ മന്ദിരത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

2) ബഹു. അംഗങ്ങൾ നിയമസഭാ ഹാളിൽ പ്രവേശിക്കുന്നതിന് മുമ്പ് തെർമൽ സ്കാനിംഗിന് വിധേയരാവേണ്ടതും സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കേണ്ടതുമാണ്. അംഗങ്ങൾക്ക് ധരിക്കാനായി N-95 മാസ്കുകളും കൈയുറകളും നൽകുന്നതാണ്.

3) ബഹു. അംഗങ്ങളുടെ മേശപ്പുറത്തുവച്ചിരിക്കുന്ന സാനിട്ടൈസർ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കേണ്ടതാണ്.

4) സമ്മേളന വേളയിൽ ഉടനീളം ശരിയായ രീതിയിൽ മുഖാവരണം ധരിക്കുകയും കൃത്യമായ ശാരീരിക അകലം പാലിക്കേണ്ടതുമാണ്.

5) സന്ദർശക ഗ്യാലറി പാസ്സുകൾ അനുവദിക്കുന്നതല്ല.

6) ബഹു. അംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിന്റെ സാന്നിദ്ധ്യം നിയമസഭാ മന്ദിരത്തിൽ കഴിയുന്നതും ഒഴിവാക്കേണ്ടതാണ്.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,<br>
സെക്രട്ടറി.